പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 688 | 11.06.2014- ലെ മറുപടിക്ക് |
|---|---|

## മാനസികരോഗികളുടെ പുനരധിവാസം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കെ. ലതിക | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്തെ മാനസികാരോഗാശുപത്രികളിൽ ഓരോന്നിലും എത്ര രോഗികളെ വീതം കിടത്തി ചികിത്സിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ മാനസിക ആരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സിക്കുന്ന രോഗികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br>1. മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം - 507 എണ്ണം<br>2. മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ- 273 എണ്ണം<br>3. മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട് - 570 എണ്ണം. |
| ബി) | പ്രസ്തുത രോഗികളിൽ എത്രപേർ സ്ത്രീകളാണെന്ന് വ്യക്തമാക്കുമോ; | ബി) | 1. മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം - 184 എണ്ണം<br>2. മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ- 129 എണ്ണം<br>3. മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട് - 242 എണ്ണം. |
| സി) | ബന്ധുമിത്രാദികൾ ഇല്ലാത്ത എത്ര രോഗികൾ പ്രസ്തുത ആശുപത്രികളിലെ ഐ. പി. വിഭാഗത്തിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ; | സി) | 1. മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം - 110 എണ്ണം<br>2. മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ- 227 എണ്ണം<br>3. മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട് - 55 എണ്ണം. |
| ഡി) | രോഗം പൂർണ്ണമായും ഭേദമായി ഇത്തരത്തിലുള്ള എത്ര പേർ ആശുപത്രിയിൽ തന്നെ കഴിയേണ്ടി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | ഡി) | 1. മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം - 97 എണ്ണം<br>2. മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ- 41 എണ്ണം<br>3. മാനസികാരോഗ്യ കേന്ദ്രം, കോഴിക്കോട് - 140 എണ്ണം. |
| ഇ) | ഇത്തരക്കാരുടെ പുരധിവാസത്തിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് | ഇ) | തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസിക ആരോഗ്യകേന്ദ്രത്തിലെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികൾ |

| | | | |
|---|---|---|---|
| | വിശദമാക്കുമോ? | | ചുവടെ ചേർക്കുന്നു.<br>**1. <u>തിരുവനന്തപുരം മാനസിക ആരോഗ്യ കേന്ദ്രം</u>**<br>1. രോഗം ഭേദമായിട്ടും ബന്ധുക്കൾ കൊണ്ടു പോകാത്തതും അന്യസംസ്ഥാനങ്ങളിൽ നിന്ന് കോടതി വഴി മാനസിക ആരോഗ്യകേന്ദ്രത്തിൽ പ്രവേശിക്കപ്പെട്ടവർക്കുമായി പകൽ സമയം തൊഴിലധിഷ്ഠിത പരിശീലനങ്ങൾ "പകൽ വീട്" എന്ന സ്ഥാപനം വഴി നടത്തുന്നുണ്ട്. നെയ്ത്ത്, പെയിന്റിംഗ്, മെഴുകുതിരി നിർമ്മാണം, സോപ്പ് നിർമ്മാണം, വാഷിംഗ് പൗഡർ നിർമ്മാണം അഗർബത്തി നിർമ്മാണം എന്നിവ നടത്തുന്നുണ്ട്. മാനസിക ആരോഗ്യ കേന്ദ്രത്തിലെ അന്തേവാസികളൊഴികെ പുറമേനിന്നുള്ള മാനസികാസ്യാസ്ഥ്യം ഉള്ളവരും തൊഴിൽ പരിശീലനത്തിനെത്തുന്നുണ്ട്. ഇവരെ പകൽ വീട്ടിൽ എത്തിക്കുന്നതിന് ആശുപത്രി വികസന സമിതിയുടെ വാഹന സൗകര്യം ലഭ്യമാണ്. യാത്ര ചെലവ് സൗജന്യമാണ്. പകൽ വീട്ടിൽ തൊഴിൽ പരിശീലനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് ദിവസ വേതന അടിസ്ഥാനത്തിൽ ആശുപത്രി വികസന സമിതിയുടെ ഫണ്ടിൽ നിന്നും 50/- രൂപ വീതം നൽകിവരുന്നു.<br>2. ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ ഒരു പീലിംഗ് യൂണിറ്റ് (എച്ച്. എൽ. എൽ. പീലിംഗ് യൂണിറ്റ്) 2011 മുതൽ പ്രവർത്തിച്ചു വരുന്നു. 16 മുതൽ 20 വരെ രോഗികൾ ഈ യൂണിറ്റിൽ പ്രവർത്തിച്ചുവരുന്നു. ഇവർക്ക് 150 രൂപ ക്രമത്തിൽ ദിവസവേതനം നൽകി വരുന്നു.<br>3. സ്ത്രീ രോഗികളും പുനരധിവാസത്തിനും തൊഴിൽ പരിശീലനത്തിനും ഉള്ള സ്ഥാപനം "വിദ്യാകേന്ദ്രം" എന്ന പേരിൽ അറിയപ്പെടുന്നു. ഇവിടെ തയ്യൽ പരിശീലനം, മെഡിസിൻ കവർ നിർമ്മാണം, എംബ്രോയിഡറി പരിശീലനം, ഫാബ്രിക്ക് പെയിന്റിംഗ് തുടങ്ങിയവയിൽ പരിശീലനം നൽകുന്നു.<br>4. രോഗികൾക്കാവശ്യമായ ബ്രെഡ് നിർമ്മിക്കുന്നതിനായി ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ ധനസഹായത്തോടെ |

| | | | |
|---|---|---|---|
| | | | ബ്രെഡ് മേക്കിംഗ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. ഇവിടെ അസുഖം ഭേദമായ രോഗികൾ ജോലി ചെയ്തു വരുന്നു.<br>5. പുനരധിവാസവുമായി ബന്ധപ്പെട്ട് ഇത്തരം രോഗികളെ രാവിലെ ഒരു മണിക്കൂർ റീഹാബിലിറ്റേഷൻ പരിശീലകന്റെ സഹായത്തോടെ "വാക്കേഴ്സ് ക്ലബിൽ" പങ്കെടുപ്പിച്ചു വരുന്നു. ഇതിനായി പ്രത്യേകം റൂട്ട് മാപ്പ് തയ്യാറാക്കിയിട്ടുണ്ട്.<br>6. എല്ലാ ശനിയാഴ്ചകളിലും കോൺഫറൻസ് ഹാളിൽ വച്ച് സിനിമാ പ്രദർശനം നടത്തി വരുന്നു.<br>7. "മ്യൂസിക്ക് തെറാപ്പി" എല്ലാ വാർഡുകളിലും മ്യൂസിക്ക് സിസ്റ്റം പ്രവർത്തിച്ചു വരുന്നു. കൂടാതെ ഒരു മ്യൂസിക്ക് ക്ലബ്ബും ഉണ്ട്. സ്വരാഞ്ജലി എന്ന പേരുള്ള സംഘടനയുടെ ആഭിമുഖ്യത്തിൽ മാസം തോറും മ്യൂസിക്ക് പരിപാടികൾ നടത്തിവരുന്നു. എല്ലാ മാസത്തിലും മുടങ്ങാതെ റിക്രിയേഷൻ കൾച്ചറൽ പ്രോഗ്രാം നടത്തി വരുന്നു. ലൈബ്രറി കൗൺസിലിന്റെ ധനസഹായത്തോടെ ഒരു ലൈബ്രറി പ്രവർത്തിച്ചു വരുന്നു.<br>അന്യ സംസ്ഥാനങ്ങളിലെ രോഗികളുടെ രോഗം ഭേദമാകുന്ന മുറയ്ക്ക് മേൽവിലാസം കണ്ടുപിടിക്കുകയും കത്തുകൾ, ടെലിഫോൺ സന്ദേശം, പോലീസിന്റെ സഹായം എന്നിവ മുഖേന അവരവരുടെ വീടുകളിൽ എത്തിക്കുന്നുണ്ട്. ബന്ധുക്കൾ വരാത്ത സാഹചര്യത്തിൽ ആശുപത്രി വികസന ഫണ്ട് ഉപയോഗിച്ച് ആശുപത്രി ജീവനക്കാരുടെ സഹായത്തോടെ അതാത് സംസ്ഥാനങ്ങളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ സഹായത്തോടെ അവരവരുടെ വീടുകളിലേക്ക് എത്തിക്കുന്നു. ബന്ധുക്കൾ ഇല്ലാത്തവരിൽ മരുന്നിന്റെ സഹായത്തോടെ മാനേജ് ചെയ്യാൻ പറ്റുന്ന രോഗികളിൽ കുറച്ചുപേരെ ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ആശാഭവൻ, ശ്രദ്ധാ ഭവൻ എന്നീ സ്ഥാപനങ്ങളിലേക്കും, എൻ. ജി. ഒ യുടെ കീഴിലുള്ള സ്ഥാപനത്തിലും പുനരധിവസിപ്പിച്ചു വരുന്നു. ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശ പ്രകാരം അഡ്മിറ്റു ചെയ്യുന്ന രോഗികളെ കോടതിയുടെ (സി. ജെ. എം.) ന്റെ ഓർഡർ പ്രകാരമാണ് മേൽ പറഞ്ഞ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നത്.<br>**2. <u>മാനസിക ആരോഗ്യകേന്ദ്രം, തൃശ്ശൂർ</u>**<br>പുനരധിവാസത്തിനായി കോടതി ഉത്തരവ്വ പ്രകാരം ആശാഭവനിലേക്കും, പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റിലേയ്ക്കും രോഗം ഭേദമായവരെ അയയ്ക്കുന്നു. ബഹുമാനപ്പെട്ട ഹൈകോടതിയുടെയും, കെൽസയുടേയും, പോലീസിന്റെയും സഹായത്താൽ അന്യ സംസ്ഥാനത്തിൽ നിന്നും വന്ന രോഗികളെ രോഗം ഭേദമാകുമ്പോൾ അവരുടെ സ്വന്തം ഭവനങ്ങളിലേയ്ക്കും എത്തിക്കുന്നു. രോഗം ഭേദമായവർക്കുവേണ്ടി ആശുപത്രിയിലെ വിവധ ഒക്കുപ്പേഷണൽ തെറാപ്പി യൂണിറ്റിലായി പകൽവീട് പ്രവർത്തിക്കുന്നു. കൂടാതെ സമ്പൂർണ്ണ മാനസിക ആരോഗ്യ പരിപാടിയുടെ ഭാഗമായി തൃശ്ശൂർ ജില്ലാ മാനസിക ആരോഗ്യ പദ്ധതിയുടെ കീഴിൽ പുല്ലഴിയിൽ സ്ത്രീകൾക്കായി ഒരു പകൽ വീട് 2014 ഫെബ്രുവരി 28 മുതൽ പ്രവർത്തിക്കുന്നുണ്ട്.<br>**3. <u>മാനസിക ആരോഗ്യകേന്ദ്രം, കോഴിക്കോട്.</u>**<br>സാക്ഷരത, അടുക്കള കൃഷി, എംബ്രോയ്ഡറി, കവർ നിർമ്മാണം, ബുക്ക് ബയിന്റിംഗ്, ചർക്കയിൽ നൂൽനൂൽപ്പ് എന്നിവയിൽ പരിശീലനം നൽകുന്നു. കൂടാതെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള രണ്ട് ആശാഭവൻ (പുരുഷൻമാർക്ക് വെള്ളിമാടുകുന്ന്, സ്ത്രീകൾക്ക് മായനാട്ട എന്നീ സ്ഥലങ്ങളിൽ) പുനരധിവസിപ്പിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**